# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.09.2026**

## പ്രധാനവാർത്തകൾ

1. 20-ാമത് റോസ്ഗാർ മേളയുടെ ഭാഗമായി 51,000 ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിയമന ഉത്തരവ് കൈമാറും.

2. രാമകഥ ഭാരതത്തിൽ അവസാനിക്കുന്ന ഒന്നല്ലെന്നും, ഏഷ്യയിലുടനീളം ഇത് വ്യാപിച്ചിരിക്കുന്നതായും കൊച്ചിയിൽ നടന്ന ജന്മഭൂമി കോൺക്ലേവിൽ രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ്.

3. ചെങ്കടൽ മേഖലയിൽ രൂക്ഷമാകുന്ന സുരക്ഷാ ഭീഷണികളിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സൗദി അറേബ്യയുടെ പരമാധികാരത്തിന് നേർക്കുണ്ടാകുന്ന കടന്നാക്രമണങ്ങളെ അപലപിച്ച് വിദേശകാര്യമന്ത്രാലയം.

4. ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി സംസ്ഥാനത്ത് ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി മന്ത്രി രമേശ് ചെന്നിത്തല.

5. സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ന്റെ ഭാഗമായി സംസ്ഥാനത്തെ ബീച്ചുകളിൽ നാളെ വിപുലമായ ശുചീകരണ പരിപാടികൾ നടക്കും.

RNU TVPM

6. **ഏഷ്യൻ ഗെയിംസിന് ജപ്പാനിൽ നാളെ ഔദ്യോഗിക തുടക്കം. 500 ലേറെ ഇന്ത്യൻ താരങ്ങൾ ഗെയിംസിൽ മാറ്റുരയ്ക്കും.**

*************************

## റോസ്ഗാർ മേള

20-ാമത് റോസ്ഗാർ മേളയുടെ ഭാഗമായി 51,000 ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിയമന ഉത്തരവ് വിതരണം ചെയ്യും. വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ പുതുതായി നിയമനം ലഭിച്ചവർക്കാണ് പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ നിയമനക്കത്ത് കൈമാറുക. രാജ്യത്തുടനീളമുള്ള 45 കേന്ദ്രങ്ങളിൽ നടക്കുന്ന റോസ്ഗാർ മേളകളിൽ കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ പ്രമുഖർ പങ്കെടുക്കും. കൊച്ചി കലൂരിലും പാലാരിവട്ടത്തും, നടക്കുന്ന റോസ്ഗാർ മേളകളിൽ നാളെ കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജയന്ത് ചൗധരിയുമാണ് പങ്കെടുക്കുന്നത്. റോസ്ഗാർ മേളകളിലൂടെ, വിവിധ മന്ത്രാലയങ്ങളിലും, വകുപ്പുകളിലുമായി ഇതുവരെ കൈമാറിയ നിയമന ഉത്തരവുകളുടെ എണ്ണം ഇതോടെ 12.75 ലക്ഷത്തിന് മുകളിലെത്തും.

*************************

## കേന്ദ്ര മന്ത്രി രാജ് നാഥ് സിംഗ് - കൊച്ചി (ഇൻട്രോ)

രാമകഥ ഭാരതത്തിൽ അവസാനിക്കുന്ന ഒന്നല്ലെന്നും, ഏഷ്യയിലുടനീളം ഇത് വ്യാപിച്ചിരിക്കുന്നതായും രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ്. കൊച്ചിയിൽ ജന്മഭൂമി ദിനപത്രത്തിന്റെ രാമകഥ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാമായണത്തിൽ നിന്ന് പ്രചോദനമുൾകൊണ്ടാണ് ഭാരതം വികസനത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം

RNU TVPM

പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ ഉൾപ്പടെ പ്രതിരോധ രംഗത്ത് രാജ്യം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും ശ്രീ രാജ്നാഥ്സിങ്ങ് വിശദീകരിച്ചു.

(വോയിസ്)

*************************

## വിദേശകാര്യമന്ത്രാലയം

ചെങ്കടൽ മേഖലയിൽ രൂക്ഷമാകുന്ന സുരക്ഷാ ഭീഷണികളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സൗദി അറേബ്യയുടെ പരമാധികാരത്തിന് നേർക്കും, രാജ്യത്തെ സാധാരണക്കാർക്ക് നേരെയും ഉണ്ടാകുന്ന കടന്നാക്രമണങ്ങളെ അപലപിക്കുന്നതായും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. വിശുദ്ധ നഗരമായ മക്കയ്ക്ക് നേരെയുണ്ടായ ഡ്രോൺ ആക്രമണശ്രമം മേഖലയിലെ സമാധാനത്തെയും സുരക്ഷയെയും ദുർബലപ്പെടുത്തുന്നുവെന്ന ആശങ്കയും അദ്ദേഹം പങ്കുവച്ചു.

RNU TVPM

*************************

## ഇന്ത്യ - യുഎഇ

സമാധാനവും, സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ സഹകരണവും ഏകോപനവും തുടരുമെന്ന് ഇന്ത്യയും യുഎഇയും. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ടെലഫോണിൽ വിളിച്ച് സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ സാഹചര്യങ്ങളെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

*************************

## രമേശ് ചെന്നിത്തല-ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാൻ നോഡൽ ഓഫീസറും നോർത്ത് റേഞ്ച് ഐ.ജിയുമായ പുട്ട വിമലാദിത്യയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് യൂണിറ്റുകളായി ടീം പ്രവർത്തിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വാർഡ് തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ തദ്ദേശസ്വയംഭരണവകുപ്പുമായി ചേർന്ന് തൂഫാൻ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു. തൂഫാൻ ജനജാഗ്രതാ സമിതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 28ന് മുഖ്യമന്ത്രി വി.ഡി സതീശൻ മലപ്പുറം വേങ്ങരയിൽ നിർവഹിക്കും.

*************************

## വൈദ്യുതി മുടങ്ങും

സംസ്ഥാനത്ത് ഇന്ന് രാത്രിയിലും വൈദ്യുതി മുടങ്ങാൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി. അർധരാത്രി 12.45 വരെയായിരിക്കും നിയന്ത്രണം.

*************************

## സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ

സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ന്റെ ഭാഗമായി നാളെ രാജ്യമെമ്പാടുമുള്ള വിവിധ ബീച്ചുകളിൽ ശുചീകരണ യജ്ഞം നടക്കും. കൊച്ചി പുതുവൈപ്പിൻ ബീച്ചിൽ നടക്കുന്ന ശുചീകരണ പരിപാടികളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും. കോവളം

RNU TVPM

ഹവ്വ ബീച്ചിൽ വിഴിഞ്ഞം കോസ്റ്റ് ഗാർഡ് സ്റ്റേഷൻറെ ആഭിമുഖ്യത്തിൽ ശുചീകരണം നടക്കും. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിലും നാളെ ശുചീകരണ യജ്ഞവും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

************************

## ആന്റോ അഗസ്റ്റിൻ- ജാമ്യമില്ല

അനധികൃത അളവിൽ മദ്യം സൂക്ഷിച്ച കേസിൽ റിപ്പോർട്ടർ ടി.വി മാനേജിങ് ഡയറക്ടർ ആൻറോ അഗസ്റ്റിന് ഇടക്കാല ജാമ്യം അനുവദിക്കാതെ ഹൈക്കോടതി. ജാമ്യഹർജി പരിഗണിക്കുന്നത് ഹൈക്കോടതി ചൊവ്വാഴ്ചത്തേക്ക് മാറ്റി. ബത്തേരി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി ഇന്ന് രാവിലെ ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് ആൻറോ അഗസ്റ്റിൻ ഹൈക്കോടതിയെ സമീപിച്ചത്.

RNU TVPM

************************

## മന്ത്രി പി.സി. വിഷ്ണുനാഥ് -ചെയർമാൻ

ചലച്ചിത്ര അക്കാദമി ചെയർമാനെ ഈ മാസം 25-നകം നിയമിക്കുമെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ്. സെപ്റ്റംബർ 25-ന് ആരംഭിക്കുന്ന അന്താരാഷ്ട്ര ഡോക്യുമെൻററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിന് മുന്നോടിയായി നിയമനം ഉണ്ടാകുമെന്നും, ചലച്ചിത്ര അക്കാദമി പ്രതിസന്ധിയിലാണെന്ന തരത്തിലുള്ള

വാർത്തകൾ തെറ്റാണെന്നും അദ്ദേഹം വ്യക്തമാക്കി. വിവിധ ബോർഡുകളുടെയും അക്കാദമികളുടെയും ചെയർമാൻ സ്ഥാനങ്ങളിലേക്കുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

*************************

## കെ. മുരളീധരൻ

മാനസികാരോഗ്യം വീണ്ടെടുത്തവരോടുള്ള സമൂഹത്തിൻറെ കാഴ്ചപ്പാടിൽ കാതലായ മാറ്റം വരണമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. പൂർണ രോഗമുക്തി നേടിയവരെ സമൂഹത്തിൽ നിന്ന് മാറ്റിനിർത്തുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗമുക്തി നേടിയവരെ, പത്തനാപുരം ഗാന്ധിഭവനിലേക്ക് പുനരധിവസിപ്പിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

RNU TVPM

*************************

## സംനിത സോഷ്യൽ ഇൻക്ലൂഷൻ ലാബ്-കണ്ണൂർ (ഇൻട്രോ)

വിദ്യാർത്ഥികളിൽ സഹാനുഭൂതിയും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്നതിനായി കണ്ണൂർ മാലൂർ പനമ്പറ്റ ന്യൂ യു.പി. സ്കൂളിൽ 'സംനിത സോഷ്യൽ ഇൻക്ലൂഷൻ ലാബ്' തുറന്നു. ജില്ലാ കളക്ടർ പി. വിഷ്ണുരാജ് ലാബ് ഉദ്ഘാടനം ചെയ്തു.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയ്സ്)

*************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിന് ജപ്പാനിലെ ഐച്ചി നഗോയയിൽ നാളെ ഔദ്യോഗിക തുടക്കം. ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ സംഘത്തെ ഒളിമ്പിക് മെഡൽ ജേതാവ് മനു ഭാക്കറും, ഷോട്ട്പുട്ട് താരം തജീന്ദർ പാൽതൂറും നയിക്കും. ഒക്ടോബർ നാല് വരെ നീളുന്ന ഗെയിംസിൽ 500 ലേറെ ഇന്ത്യൻ താരങ്ങളാണ് 37 ഇനങ്ങളിലായി മത്സരത്തിനിറങ്ങുന്നത്. 45 രാജ്യങ്ങളിൽ നിന്നുള്ള താരങ്ങൾ ഗെയിംസിൽ മാറ്റുരയ്ക്കുന്നുണ്ട്. ഇത് മൂന്നാം തവണയാണ് ജപ്പാൻ ഏഷ്യൻ ഗെയിംസിന് വേദിയാകുന്നത്. ചൈനയിൽ 2023 ൽ നടന്ന ഏഷ്യൻ ഗെയിംസിൽ 107 മെഡലുമായി ഇന്ത്യ നാലാം സ്ഥാനത്ത് എത്തിയിരുന്നു,

*************************

## മൂഡീസ്

നടപ്പു സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ഏഴ് ശതമാനമായിരിക്കുമെന്ന് പ്രവചിച്ച് രാജ്യാന്തര റേറ്റിങ് ഏജൻസിയായ മൂഡീസ്. മുൻപ് ആറ് ശതമാനമായിരുന്നു കണക്കാക്കിയിരുന്നത്.

RIJU TVPM

*************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരിവിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് 20 പോയിന്റ് നഷ്ടത്തിലും, നിഫ്റ്റി 76 പോയിൻറ് നേട്ടത്തിലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില വർധിച്ചു. പവന് 1,160 രൂപ ഉയർന്ന് ഒരു ലക്ഷത്തി 13,240 രൂപയും ഗ്രാമിന് 14,155 രൂപയുമാണ് ഇന്നത്തെ വില .

*************************

## മഴ

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴ തുടരും. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി.

************************

## ഫിറ്റ് ഇന്ത്യ

ഫിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ തിരുവനന്തപുരം റീജിയണൽ സെൻറർ മാധ്യമപ്രവർത്തകർക്കായി സൈക്കിൾ റാലി സംഘടിപ്പിക്കുന്നു. സൺഡേയ്സ് ഓൺ സൈക്കിൾ എന്ന സന്ദേശവുമായി മറ്റന്നാൾ രാവിലെ 7 മണിക്ക് SAI തിരുവനന്തപുരം റീജിയണൽ സെന്ററിലാണ് പരിപാടി.

************************

RNU TVPM

## ദേശീയ മത്സ്യത്തൊഴിലാളി വനിതാ സംഗമം

ദ്വിദിന ദേശീയ മത്സ്യത്തൊഴിലാളി വനിതാ സംഗമത്തിന് കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ തുടക്കമായി. കേരളം, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, സിക്കിം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള അറുപതോളം വനിതകൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

************************

## സിയാൽ

പരിസ്ഥിതി സൗഹൃദ വിമാനത്താവള പ്രവർത്തനങ്ങൾക്കായി നിർണ്ണായക ചുവടുവെപ്പുമായി സിയാൽ. അന്താരാഷ്ട്ര ടെർമിനലിൽ 15 കോടി രൂപ ചെലവിൽ സ്ഥാപിച്ച ബ്രിഡ്ജ് മൗണ്ടഡ് എക്യുപ്മെൻറ് സംവിധാനത്തിൻറെ ഉദ്ഘാടനം ഈ മാസം 24-ന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും.

*************************************************

RNU TVPM